REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് അംഗോളൻ ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യും.
- സമരം ചെയ്യുന്ന മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി മന്ത്രി വീണാ ജോർജ്ജിന്റെ ചർച്ച ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത്.
- സംസ്ഥാനത്തെ ഏതാനും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഉന്നതാധികാര സമിതി പുതുക്കിയ ഭരണാനുമതി നൽകി.
- പാലക്കാട്ട് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഇന്ന് സമാപിക്കും. മലപ്പുറം മുന്നിൽ.
- രഞ്ജി ട്രോഫി ക്രിക്കറ്റിൽ സൗരാഷ്ട്രക്കെതിരെ കേരളത്തിന് 73 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡ്.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ലുവാണ്ടയിൽ ഇന്ന് അംഗോളൻ ദേശീയ അസംബ്ലിയിൽ പാർലമെന്റ് അംഗങ്ങളെ അഭിസംബോധന ചെയ്യും. പ്രസിഡണ്ട് ജു ലൗറിനുമായി നിരവധി വിഷയങ്ങളിൽ ദ്രൗപതി മുർമു ഇന്നലെ ഉഭയകക്ഷി ചർച്ച നടത്തി.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ, പാർലമെന്ററി അനുഭവങ്ങൾ അംഗോളയുമായി പങ്കുവെയ്ക്കാൻ തയ്യാറാണെന്ന് അവർ അംഗോളൻ ഭരണ നേതൃത്വത്തെ അറിയിച്ചു.

അംഗോളയിലെ 8,000 ത്തോളം പ്രവാസി ഇന്ത്യക്കാരുമായി ദ്രൗപതി മുർമു സംവദിക്കുകയും ചെയ്തു.

നാളെ അംഗോളയുടെ 50-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് ആഫ്രിക്കൻ സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ അവർ ബോട്സ്വാനയിലേക്ക് പോകും.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്ന് നിശബ്ദ പ്രചാരണം. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിൽ നാളെയാണ് വോട്ടെടുപ്പ്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് പോളിംഗ്. ഏഴു മണ്ഡലങ്ങളിൽ വോട്ടെടുപ്പ് വൈകിട്ട് അഞ്ചിന് അവസാനിക്കും.

✪✪✪

ദേശീയഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം രാജ്യം ആഘോഷിക്കുകയാണ്. ഇന്ത്യയുടെ തലമുറകളെ ഐക്യപ്പെടാനും വളരാനും പ്രചോദിപ്പിച്ച വന്ദേമാതരം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് നൽകിയ ഊർജ്ജവും കാല-ദേശാതീതമായ രാജ്യമെന്ന വികാരവും സംബന്ധിച്ച് ആകാശവാണി തയ്യാറാക്കിയ റിപ്പോർട്ട്.

...... വോയ്സ്......

വന്ദേമാതരം പകരുന്ന രാജ്യസ്നേഹത്തിന്റെ ജ്വാലകൾ ഇന്ത്യയുടെ ഭൗതികമായ അതിർത്തികൾപ്പുറം കടലുകളും, ഭൂഖണ്ഡങ്ങളും കടന്ന് ഇന്ത്യക്കാർ ജീവിക്കുന്ന എല്ലാ മേഖലകളിലും വ്യാപിക്കുന്ന വികാരമാണ്. 1907 ഓഗസ്റ്റ് 22 ന് ജർമ്മനിയിലെ സ്റ്റട്ട് ഗർട്ടിൽ സ്വാതന്ത്ര്യസമര സേനാനി മാഡം ബിക്കാജി കാമ ആദ്യ ത്രിവർണ പതാക വിദേശമണ്ണിൽ ഉയർത്തി. ചരിത്രപരമായ ഈ സംഭവം ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് ആഗോള ശ്രദ്ധയും, പുതിയ ഊർജ്ജവും പകർന്നു.

ഇന്ത്യയുടെ അഭേദ്യമായ ആവേശവും, സ്വാതന്ത്ര്യ ദാഹവും പ്രതീകവത്ക്കരിക്കുന്ന വന്ദേമാതരം എന്ന മുദ്രണം ആദ്യ ഇന്ത്യൻ പതാകയിൽ ഉണ്ടായിരുന്നു. മാഡം കാമയും, ശ്യാംജി കൃഷ്ണ വർമ്മയും ചേർന്നാണ് ആ പതാക രൂപപ്പെടുത്തിയത്.

രണ്ടു വർഷത്തിനു ശേഷം 1909 ൽ വിപ്ലവകാരിയായ മദൻലാൽ ധിൻഗ്ര ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടിയതിന് വധശിക്ഷയ്ക്ക് വിധേയനായി. ധിൻഗ്ര അവസാനമായി ഉച്ചരിച്ച വാക്കുകൾ

വന്ദേമാതരം എന്നായിരുന്നു. ധൈര്യത്തിന്റെയും, ത്യാഗത്തിന്റെയും അമൂർത്ത സന്ദേശമായി അത് മാറി. അതേ വർഷം തന്നെ പാരിസിലെ ഇന്ത്യക്കാർ വന്ദേമാതരം എന്ന പേരിൽ ജനീവയിൽ നിന്ന് ഒരു മാസിക പ്രസിദ്ധീകരിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യവും, ഐക്യവും ലോകമെങ്ങും എത്തിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം.

1912 ഒക്ടോബറിൽ ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിലെത്തിയ ഗോപാലകൃഷ്ണ ഗോഖലെയെ സ്വീകരിച്ച വൻഘോഷയാത്രയിലുയർന്ന ശബ്ദവും വന്ദേമാതരം എന്നായിരുന്നു. യൂറോപ്പ് മുതൽ ആഫ്രിക്ക വരെ വന്ദേമാതരം ഇന്ത്യക്കാരുടെ സ്വാതന്ത്ര്യമുഖത്തിന്റെയും പോരാട്ടത്തിന്റെയും ഹൃദയസ്പന്ദമായി മാറി. ലോകത്തെ എല്ലാ വിപ്ലവകാരികൾക്കും ത്യാഗത്തിന്റെ ആവേശം പകരുന്ന വാക്കുകളായി വന്ദേമാതരം മാറുകയായിരുന്നു.

✪✪✪

കഴിഞ്ഞ മാസത്തെ സ്വച്ഛതാ യജ്ഞത്തിൽ രാജ്യത്തെ കേന്ദ്രഗവൺമെന്റ് ഓഫീസുകളിൽ നിന്ന് നീക്കം ചെയ്ത പാഴ്‌വസ്തുക്കളിൽ നിന്ന് 800 കോടിയോളം രൂപ നേടാൻ കഴിഞ്ഞെന്ന വാർത്ത, പ്രധാനമന്ത്രിയുടെ ഓഫീസ് പങ്കുവെച്ചു. ഓഫീസുകളിൽ നിന്ന് ഒഴിവാക്കിയ പാഴ്‌വസ്തുക്കളുടെ വില്പനയിലൂടെ, 2021 ൽ വാർഷിക സ്വച്ഛതാ കാമ്പയിൻ ആരംഭിച്ചതു മുതൽ ഇതുവരെ, 4,100 കോടിയിൽപ്പരം രൂപ നേടാൻ കഴിഞ്ഞെന്ന് കണക്കാക്കുന്നു.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് സെപ്റ്റംബർ 22നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. സ്റ്റേഷനറി മേഖലയിൽ വരുത്തിയ GST- ഇളവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

........(വോയ്സ്).........

വരും തലമുറ GST പരിഷ്കരണം വിദ്യാർത്ഥികൾക്കും ചില്ലറ വ്യാപാരികൾക്കും ഏറെ ഗുണം ചെയ്യുന്ന ഒന്നാണ്. പെൻസിൽ, ഇറേസർ, ഷാർപ്പനർ, ക്രയോൺ, നോട്ട് ബുക്ക്, ഗ്രാഫ് ബുക്ക്, മാപ്പ്, ചാർട്ട് തുടങ്ങിയവയുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് പൂജ്യമായി കുറച്ചു. ഇറേസറിന്റെ GST നിരക്ക് മുമ്പത്തെ 5 ശതമാനത്തിൽ നിന്ന് പൂജ്യമായി. മുമ്പ് 12 ശതമാനം സ്ലാബിൽ

ഉണ്ടായിരുന്ന ജ്യാമിതി ബോക്സ്, കളർ ബോക്സ്, പൗച്ച് തുടങ്ങിയ ഇനങ്ങൾക്ക് ഇപ്പോൾ 5 ശതമാനമാണ്.

ഈ മേഖലയിലെ നികുതി ഇളവ് വിദ്യാർത്ഥികളുടെ സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുകയും വിപണിയിൽ ഇവയുടെ ചില്ലറ വിൽപ്പന വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

✪✪✪

സമരം ചെയ്യുന്ന മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി മന്ത്രി വീണാ ജോർജ്ജ് ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് ചർച്ച നടത്തും. KGMCTA ഈ മാസം 13 ന് സമ്പൂർണ പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ചർച്ച. മൂന്നാഴ്ചയായി അവർ റിലേ അടിസ്ഥാനത്തിൽ OP ബഹിഷ്ക്കരണമടക്കം നിസ്സഹകരണ സമരം നടത്തി വരികയാണ്. ശമ്പളക്കുടിശ്ശിക, ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുക, പുതിയ മെഡിക്കൽ കോളേജുകളിലേക്ക് അനാവശ്യ അധ്യാപക പുനർവിന്യാസം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് അബുദാബി കിരീടാവകാശി ശൈഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. രണ്ടു ദിവസത്തെ സന്ദർശനത്തിനായാണ് മുഖ്യമന്ത്രി UAE യിലെത്തിയത്.

✪✪✪

സമഗ്ര ശിക്ഷാ കേരള ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ മന്ത്രി V ശിവൻകുട്ടി കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി വൈകിട്ട് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. 1,158 കോടി 71 ലക്ഷം രൂപയാണ് SSK ഫണ്ടിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ടത്. അതിൽ 1066 കോടി 36 ലക്ഷം രൂപ ലഭിക്കാൻ ഉണ്ട്.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഇന്നലെ വൈകിട്ട് ആറു വരെ അറുപത്തി നാലര ലക്ഷത്തോളം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഈ മാസം 25 നകം BLO മാർ എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിക്കണമെന്നും, അവരുടെ പ്രവർത്തനം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും, അസിസ്റ്റന്റ്

ഓഫീസർമാരും, BLO സൂപ്പർവൈസർമാരും നിരീക്ഷിക്കണമെന്ന് ഇന്നലെ ജില്ലാകലക്ടർമാരുമായി നടത്തിയ വിഡിയോ കോൺഫറൻസില ഡോ. കേൽക്കർ നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്തെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഇന്നലെ ചേർന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഉന്നതാധികാര സമിതി പുതുക്കിയ ഭരണാനുമതി നൽകി.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തീരുമാനം. സംസ്ഥാനത്തിന് അധികഭാരം വരാതെ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകണമെന്ന് യോഗം നിർദ്ദേശിച്ചു.

പാലക്കാട്ടെ നെന്മാറ–നെല്ലിയാമ്പതി റോഡ് നവീകരണ പദ്ധതിക്ക് ഉപാധികളോടെ യോഗം അനുമതി നൽകി. തദ്ദേശ വകുപ്പിന് കീഴിലെ നാല് പ്രധാന റോഡ് പദ്ധതികളുടെ ടെൻഡർ അധികച്ചെലവിനും ഭരണാനുമതിയായി.

KSEB യുടെ കുട്ടനാട് പാക്കേജിൽ സാങ്കേതിക മാറ്റങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. അതിരപ്പിള്ളിയിൽ ആദിവാസി വിഭാഗങ്ങളുടെ ഉപജീവന പദ്ധതി കാലവധി 2026 മെയ് വരെ നീട്ടാനും യോഗത്തിൽ തീരുമാനമായി.

✪✪✪

പാലക്കാട്ട് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഇന്ന് സമാപിക്കും. നിലവിൽ ചാമ്പ്യൻമാരായ മലപ്പുറം 1,124 പോയിന്റോടെ മുന്നേറ്റം തുടരുന്നു.

1,095 പോയിന്റുമായി കണ്ണൂർ ജില്ലയാണ് രണ്ടാം സ്ഥാനത്ത്. മൂന്നാം സ്ഥാനത്ത് കോഴിക്കോട് ജില്ലക്ക് 1,066 പോയിന്റ് ലഭിച്ചു. വൈകിട്ട് മോയൻസ് സ്കൂളിലെ വേദിയിൽ സമാപന സമ്മേളനം നടത്തും.

✪✪✪

തിരുവനന്തപുരത്തെ ഏറ്റവും നന്നായി ഭരിക്കപ്പെടുന്ന ഇന്ത്യയിലെ ഒന്നാമത്തെ നഗരമാക്കുകയാണ് ലക്ഷ്യമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം ജനങ്ങൾ ഏൽപ്പിച്ചിരിക്കുന്നത് BJP-യെയാണന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം നഗരസഭയിലെ 67 BJP സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക രാജീവ് ചന്ദ്രശേഖർ  പുറത്തുവിട്ടു. ശാസ്തമംഗലത്ത് മുൻ DGP R ശ്രീലേഖ മത്സരിക്കും. സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡണ്ട് പത്മിനി തോമസ് പാളയത്തും, BJP സംസ്ഥാന സെക്രട്ടറി VV രാജേഷ് കൊടുങ്ങാനൂരിലുമാണ് മത്സരിക്കുന്നത്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ തിരുവനന്തപുരത്ത് സൗരാഷ്ട്രക്കെതിരെ കേരളം ഒന്നാം ഇന്നിംഗ്സിൽ 73 റൺസ് ലീഡ് നേടി. ആദ്യ ഇന്നിംഗ്സിൽ 160 റൺസെടുത്ത സൗരാഷ്ട്രക്കെതിരെ കേരളം 233 റൺസ് എടുത്തു. ഇന്നലെ കളി നിർത്തുമ്പോൾ സൗരാഷ്ട്ര രണ്ടാം ഇന്നിംഗ്സിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 47 റൺസെടുത്തു.  ഇതോടെ കേരളത്തിന്റെ ലീഡ് 26 റൺസായി.

✪✪✪

കണ്ണൂർ ജില്ലാ സ്പോർട്സ് കളരിപയറ്റ് അസോസിയേഷന്റെ ജില്ലാതല കളരിപയറ്റ് മത്സരത്തിൽ കോട്ടൂർ ജ്യോതിസ് കളരി സംഘം ചാംപ്യൻമാരായി.  കീച്ചേരി രക്ഷാ ആയോധനകലാക്ഷേത്രം രണ്ടാം സ്ഥാനവും, മാങ്ങാട് ചന്ദ്രോദയം കളരി സംഘം മൂന്നാം സ്ഥാനവും നേടി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചാംപ്യൻഷിപ്പ് നേരത്തെ  ഉദ്ഘാടനം ചെയ്തു.

✪✪✪

തിരുവനന്തപുരം SAT ആശുപത്രിയിൽ പ്രസവത്തിനു നാലു ദിവസത്തിനു ശേഷം മരിച്ച ശിവപ്രിയക്കും കുഞ്ഞിനും സാധ്യമായ എല്ലാ ചികിത്സയും നൽകിയിരുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു. പ്രസവിച്ച ദിവസവും, ചികിത്സയിലുണ്ടായിരുന്ന  രണ്ടു ദിവസങ്ങളിലും അമ്മയ്ക്കും കുഞ്ഞിനും ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നില്ലെന്ന് അവർ പറഞ്ഞു.

ഒക്ടോബർ 22 ന് പ്രസവിച്ച ശിവപ്രിയയെ 24 ന് ഡിസ്ചാർജ് ചെയ്തു. തുടർന്ന്  26 ന് പനിയും വയറിളക്കവും ബാധിച്ച് എത്തിയ ശിവപ്രിയക്ക് അണുബാധയെ തുടർന്നുണ്ടാകുന്ന സെപ്റ്റിക് ഷോക്ക് എന്ന അവസ്ഥ സ്ഥിരീകരിക്കുകയായിരുന്നു. ഇതിനു ശേഷമാണ് മരണം സംഭവിച്ചതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

സംഭവത്തിൽ പ്രത്യേക അന്വേഷക സംഘത്തെ നിയോഗിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി വീണ ജോർജ്ജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

കൊച്ചി തമ്മനത്ത് ജല അതോറ്റിയുടെ കുടിവെള്ള ടാങ്ക് തകർന്നു വീണു. ഒരു കോടി 38 ലക്ഷം ലിറ്റർ സംഭരണ ശേഷിയോടു കൂടിയ ടാങ്കാണ് തകർന്നത്. പ്രദേശത്തെ വീടുകളിൽ വെള്ളം കയറി.

✪✪✪

സംസ്ഥാനത്തു നിന്ന് തമിഴ്നാട്, കർണാടക ടൂറിസ്റ്റ് ബസ് സർവീസുകൾ വൈകിട്ടു മുതൽ നിർത്തിവെക്കുമെന്ന് ലക്ഷ്വറി ബസ് ഓണേഴ്സ് അസോസിയേഷൻ കൊച്ചിയിൽ അറിയിച്ചു. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങൾക്കെതിരെ രണ്ട് സംസ്ഥാനങ്ങളിലും അന്യായ നികുതിയും പിഴയും ഈടാക്കുന്നുവെന്നാരോപിച്ചാണ് സർവീസ് നിർത്തിവെക്കുന്നത്.

✪✪✪

കൽപ്പാത്തി രഥോത്സവത്തോട് അനുബന്ധിച്ച ദേശീയ സംഗീതോത്സവത്തിന് തിരിതെളിഞ്ഞു. ജില്ലാ കളക്ടർ MS മാധവിക്കുട്ടി ഉദ്ഘാടനം ചെയ്തു. സംഗീതോത്സവം 13 ന് സമാപിക്കും.

✪✪✪

---

*News Editor : ശ്രുതി M*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : നിമിഷ ജി*
*DEO : ഷീബ*